നം. സി.ഇ.ഇ/2834/2007/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം – 695 001**

## പത്രക്കുറിപ്പ്

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള എം.ബി.ബി.എസ് /ബി.ഡി.എസ്. കോഴ്സ് പ്രവേശനം - 2008

2008 ലെ എം.ബി.ബി.എസ്. / ബി.ഡി.എസ് കോഴ്സ് പ്രവേശനത്തിന് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി **2008 ഒക്ടോബർ മാസം 29–ാം തീയതി** നടത്തിയ പ്രത്യേക പ്രവേശന പരീക്ഷയുടെ താൽകാലിക റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ **02.11.2008** ന് പ്രത്യേക അലോട്ട്മെന്റ് നടത്തുകയുണ്ടായി. ഈ അലോട്ട്മെന്റിൽ കേരളത്തിലെ വിവിധ മെഡിക്കൽ/ഡെന്റൽ കോളേജുകളിലായി **19** എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്കും **11** ബി.ഡി.എസ് സീറ്റുകളിലേയ്ക്കും വിദ്യാർത്ഥികൾക്ക് താത്കാലിക അലോട്ട്മെന്റ് നൽകുകയുണ്ടായി.

ഈ താത്കാലിക അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **നവംബർ 19, 20, 21** തീയതികളിൽ അലോട്ട്മെന്റ് ലഭിച്ച എം.ബി.ബി.എസ്./ബി.ഡി.എസ് കോളേജുകളിൽ ഹാജരായി താത്കാലിക പ്രവേശനം നേടുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ അലോട്ട്മെന്റും അഡ്മിഷനും ബഹു: സുപ്രീം കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കും.

തിരുവനന്തപുരം

13.11.2008

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**